പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5568     02.11. 2016 ൽ മറുപടിക്ക്

ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ശ്രീ. തോമസ് ജോർജിന് പ്രൊമോഷൻ

| ചോദ്യം<br>ശ്രീ.പി.സി.ജോർജ്ജ് | ഉത്തരം<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കെ.എസ്.ഇ.ബി-യിൽ 01.01.2002-ൽ പ്രസിദ്ധീകരിച്ച സീനിയർ അസിസ്റ്റന്റുമാരുടെ ഗ്രേഡേഷൻ ലിസ്റ്റിൽ 626-ാം നമ്പരായുള്ളതും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നതുമായ ശ്രീ. തോമസ് ജോർജിന് വളരെ നാളുകളായി കിട്ടേണ്ട അർഹതപ്പെട്ട സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ എന്നീ മൂന്ന് പ്രൊമോഷനുകൾ കൊടുക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) കെ.എസ്.ഇ.ബി-യുടെ ഗ്രേഡേഷൻ ലിസ്റ്റിൽ ശരിയായി രേഖപ്പെടുത്തേണ്ട ടിയാന്റെ ജനനതീയതി 06.02.1962-ന് പകരം തെറ്റായി 15.11.1953 എന്ന് രേഖപ്പെടുത്തിയിരിക്കുന്നതു കൊണ്ടാണോ പ്രസ്തുത പ്രൊമോഷനുകൾ നൽകാതിരുന്നത്; കെ.എസ്.ഇ.ബിയുടെ ഭാഗത്തെ തെറ്റ് കൊണ്ടാണോ ഇത് സംഭവിച്ചത്; വിശദമാക്കുമോ; | (എ)&(ബി) ഉണ്ട്. 17.05.2003-ൽ പ്രസിദ്ധീകരിച്ച 01.01.2002 വരെയുള്ള സീനിയർ അസിസ്റ്റന്റുമാരുടെ ഗ്രേഡേഷൻ ലിസ്റ്റിൽ 626-ാം റാങ്കുകാരനായ ശ്രീ. തോമസ് ജോർജ്ജിന്റെ ജനന തീയതി 06.02.1962-ന് പകരം തെറ്റായി 15.11.1953 എന്ന് പ്രസിദ്ധീകരിക്കുവാൻ ഇടയായിരുന്നു. എന്നാൽ 17.05.2003-ൽ ബോർഡ് പുറത്തിറക്കിയ സർക്കുലറിലൂടെ (സർക്കുലർ നമ്പർ.EB/Gradation/2003 dated 17.05.2003) പ്രസ്തുത ഗ്രേഡേഷൻ ലിസ്റ്റിൽ തെറ്റുകളോ, വിട്ടുപോകലുകളോ ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ ഒരു മാസത്തിനകം ബന്ധപ്പെട്ടവരെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ശ്രീ. തോമസ് ജോർജ്ജ് 13 വർഷത്തിന് ശേഷം 17.02.2016-ലാണ് തന്റെ ജനന തീയതി ഗ്രേഡേഷൻ ലിസ്റ്റിൽ തെറ്റാണ് പരിഹരിക്കണം എന്ന് കാണിച്ച് ബന്ധപ്പെട്ടവർക്ക് അപേക്ഷ നൽകിയത്. ഗ്രേഡേഷൻ ലിസ്റ്റിൽ കടന്നു കൂടിയ അപാകത സമയബന്ധിതമായി പരിഹരിക്കപ്പെടാത്തതിനാലാണ് ശ്രീ. തോമസ് ജോർജ്ജിന് അർഹതപ്പെട്ട സ്ഥാനക്കയറ്റം കാലാ കാലങ്ങളിൽ ലഭിക്കാതെ പോയത്. ജനനതീയതി തിരുത്തപ്പെട്ട മുറയ്ക്ക് അതിനുള്ള നടപടിക്രമങ്ങൾ ബോർഡിൽ ആരംഭിച്ചിട്ടുണ്ട്. 23.12.2013 മുതൽ അക്കൗണ്ട്സ് ഓഫീസറുടെ ഗ്രേഡിലുള്ള ശമ്പളമാണ് വാങ്ങുന്നത്. |
| (സി) കെ.എസ്.ഇ.ബി-യുടെ 26.02.2016 ലെ No. EB/ Gr.1/SA/8/2016- നമ്പർ പ്രൊസീഡിങ്ങ്സ് പ്രകാരം തെറ്റായിട്ടുള്ള ജനനതീയതി (15.11.1953) മാറ്റി ശരിയായ ജനന തീയതി (06.02.1962) പ്രസ്തുത ഗ്രേഡേഷൻ ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടോ ; | (സി) ഉണ്ട്. ശ്രീ. തോമസ് ജോർജ്ജ് തന്റെ ജനന തീയതിയിലെ അപാകത 17.02.2016-ൽ ചൂണ്ടി കാട്ടുകയും അതനുസരിച്ച് Order No.EB/Gr1/SA/8/16 dated 26.02.2016-ന് ഈ അപാകത പരിഹരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ഗ്രേഡേഷൻ ലിസ്റ്റിൽ ശരിയായ ജനന തീയതി 06.02.1962 ആയി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| വിശദമാക്കുമോ ; | |
| (ഡി)പ്രസ്തുത ഗ്രേഡേഷൻ ലിസ്റ്റിൽ ശ്രീ. തോമസ് ജോർജിന് തൊട്ടുമുൻപുള്ള 625-ാം നമ്പറുകാരനും ശേഷമുള്ള 627-ാം നമ്പറുകാരനും ആരൊക്കെ-യാണെന്നും അവർക്ക് ഏത് തീയതികളിലാണ് സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികകളി-ലേക്കുള്ള പ്രൊമോഷനുകൾ കൊടുത്തിരിക്കുന്നത്; ഉത്തരവു നമ്പർ സഹിതം വിവരിക്കുമോ; 25 കൊല്ലം സേവനം പൂർത്തീകരിച്ച പ്രകാരം 2013 മുതൽ ടിയാൻ അക്കൗണ്ട്സ് ഓഫീസറിന്റെ ഗ്രേഡിലെ ശമ്പളമാണോ വാങ്ങുന്നത് ; വിശദമാക്കുമോ; | (ഡി)പ്രസ്തുത ഗ്രേഡേഷൻ ലിസ്റ്റിൽ റാങ്ക് നമ്പർ 625 ആയ ശ്രീ. എൽ. അൽഫോൺസ് സീനിയർ അസിസ്റ്റന്റായി റിട്ടയർ ചെയ്യിട്ടുള്ളതുമാണ്. റാങ്ക് നമ്പർ 627 ആയ ശ്രീ. മോഹനൻ 20.12.2003-ൽ (Order No.EB3 (a)/2222/2003 dated 20.12.2003) സീനിയർ സൂപ്രണ്ടായും , 31.12.2008-ൽ (Order No.EB3 (a)/2221/2008 (4) dated 31.12.2008) അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസറായും , 06.08.2014-ൽ (Order No. B.O. (CMD) No.2129/2014 (Estt.III/124/2012) dated 06.08.2014) അക്കൌണ്ട്സ് ഓഫീസറായും പ്രമോഷനുകൾ ലഭിക്കുകയും ചെയ്യിട്ടുണ്ട്. ശ്രീ. തോമസ് ജോർജ്ജ് 23.12.2013 മുതൽ അക്കൗണ്ട്സ് ഓഫീസറുടെ ഗ്രേഡിലുള്ള ശമ്പളമാണ് വാങ്ങുന്നത്. |
| (ഇ)നിയമാനുസരണം ലഭിക്കേണ്ട സ്ഥാനക്കയറ്റത്തിനായി ടിയാൻ വീണ്ടും 01.04.2016-ൽ എല്ലാ നടപടികളും പൂർത്തിയാക്കി, മേലധികാരികളുടെ ശുപാർശ-യോടെ CE (HRM)- ന് നൽകിയ അപേക്ഷയിൻമേൽ 09.05.2016 തിയതിയായുള്ള Director (Finance) ന്റെ Direction അനുകൂലമായി ഉള്ളതായി CE (HRM) ന്റെ 23-05-2016- ലെ EB3(9)/Accounts Officer/ Promotion/2016 കത്തിലെ സൂചന (1)-ൽ രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ഇ) ശ്രീ. തോമസ് ജോർജ്ജിന് മുടങ്ങിക്കിടക്കുന്ന പ്രമോഷനുകൾ നൽകുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഫിനാൻസ് ഡയറക്ടർ , ബോർഡിന്റെ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസറുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. തോമസ് ജോർജ്ജിന് നൽകാതിരുന്ന പ്രമോഷനുകൾ നിയമപരമായ ചട്ടങ്ങൾ പാലിച്ചുകൊണ്ട് നൽകുന്നതിൽ തടസ്സങ്ങൾ ഇല്ലെന്ന് നിർദ്ദേശിക്കുകയുണ്ടായി. |
| (എഫ്)കെ.എസ്.ഇ.ബി -യുടെ Legal Adviser & Disciplinary Enquiry Officer, No. LA & DEO/Estt/IV/2684/1999/Dt 05.05.2016 പ്രകാരം ടിയാന്റെ പ്രമോഷനുകളുടെ കാര്യത്തിലേക്ക് നൽകിയ നിയമ ഉപദേശം അനുകൂലമല്ലേ; വിശദമാക്കാമോ; K.S.E.B യിൽ നിന്നും | (എഫ് & ജി) 23.04.2016-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചീഫ് വിജിലൻസ് ഓഫീസർ ശ്രീ. തോമസ് ജോർജ്ജിന് എതിരായി നിലവിൽ അച്ചടക്ക നടപടികളൊന്നും ഇല്ലെന്ന് റിപ്പോർട്ട് ചെയ്യിരുന്നു എങ്കിലും സീനിയർ സൂപ്രണ്ടായും, അസിസ്റ്റന്റ് അക്കൌണ്ട്സ് ഓഫീസറായും പ്രൊമോഷനുകൾ നൽകണമെങ്കിൽ ഏറ്റവും പുതിയ വിജിലൻസ് ക്ലിയറൻസ്, പെർഫോമൻസ് റിപ്പോർട്ടുമടക്കം പരിശോധിച്ച് ഫിനാൻസ് ഡയറക്ടർ ചെയർമാനായുള്ള ലോവർ ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ |

| | |
|---|---|
| ഡെപ്യൂട്ടേഷനിൽ 17 വർഷമായി എം.എൽ.എ യുടെ പി.എ ആയി ജോലി ചെയ്തുവരുന്ന ടിയാന് ബോർഡിൽ യാതൊരുവിധ കേസുകളോ ശിക്ഷാ നടപടികളോ ഇല്ലാത്തതിന്റെ വെളിച്ചത്തിൽ K.S.E.Board-ന്റെ Chief Vigilance Officer-റുടെ 23.04.2016-ലെ VIG/B11/601/2016(42) 803 പ്രകാരം പ്രൊമോഷന് വേണ്ടി അനുകൂല Vigilance Clearance നൽകി-യിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടി-ട്ടുണ്ടോ; വിവരിക്കുമോ;<br><br>(ജി)ഇനി പെൻഷൻ പറ്റാൻ വെറും 16 മാസക്കാലം മാത്രമുള്ള ടിയാന് അർഹതപ്പെട്ട പ്രമോഷനുകൾ നൽകണമെന്നുപറഞ്ഞ് CE (HRM)-ന്റെ 23.05.2016ലെ EB3(9)/AccountOfficer/Promotion/2016 നമ്പർ പ്രകാരമുള്ള നോട്ട് KSEB Secretary (Administration)-ന് നൽകിയിട്ടും ടിയാന് പ്രമോഷൻ നൽകാതിരിക്കുന്നതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ ; സമയാസമയങ്ങളിൽ അർഹതപ്പെട്ട സ്ഥാനക്കയറ്റങ്ങൾ നൽകി സഹായിക്കണമെന്ന് ആവശ്യപ്പെട്ട് 13.11.2001 ലും 01.09.2011 ലും ബഹു എം. എൽ. എ യുടെ ശുപാർശക്കത്തോടെ KSEB അധികാരികൾക്ക് കൊടുത്ത കത്തുകളുടെ ശരിയായ കോപ്പികൾ 25.02.2016-ൽ CE (HRM)ന് നൽകിയ അപേക്ഷയുടെ കൂടെ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടിയാന് നിയമാനുസരണം കൊടുക്കേണ്ട സ്ഥാനക്കയറ്റങ്ങൾ നൽകാൻ അനുകൂല നടപടികൾ ഉടൻ സ്വീകരിക്കുമോ | കമ്മിറ്റിയുടെ അംഗീകാരം ലഭിക്കേണ്ടതായിട്ടുണ്ട്. ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) ന്റെ വിജിലൻസ് സെക്ഷനിൽ ലഭിച്ച ഒരു പരാതിയിൽ ശ്രീ. തോമസ് ജോർജ്ജ് വരവിൽകവിഞ്ഞ സ്വത്ത് സമ്പാദനം നടത്തിയതായ ആരോപണം നിലനിൽക്കുന്നു. 23.04.2016-ൽ ലഭിച്ച വിജിലൻസ് റിപ്പോർട്ടിന്റെ കാലാവധി 6 മാസം കഴിഞ്ഞതിനാൽ ഒരിക്കൽ കൂടി ബോർഡിന്റെ ചീഫ് വിജിലൻസ് ഓഫീസറുടെ റിപ്പോർട്ട് വാങ്ങേണ്ടതുണ്ട്. ഇത് ലഭിച്ചാൽ ഉടൻതന്നെ ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റി (ലോവർ) മുമ്പാകെ സമർപ്പിക്കുന്നതാണ്.<br><br>ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റി (ലോവർ)-ന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് അക്കൌണ്ട്സ് ഓഫീസർ പ്രമോഷനുകൾ പുറപ്പെടുവിക്കുന്നതാണ്. അതിനു ശേഷം ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ചെയർമാനായുള്ള ഡി.പി.സി. (ഹയർ) കൂടി തീരുമാനമെടുത്ത് അതിന്റെ വെളിച്ചത്തിൽ അക്കൌണ്ട്സ് ഓഫീസർ തസ്തികയിൽ ശ്രീ. തോമസ് ജോർജ്ജിന് പ്രമോഷൻ നൽകുന്നതാണ്.<br><br>വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കുന്ന മുറയ്ക്ക് ഡി.പി.സി. (ലോവർ)& ഡി.പി.സി. (ഹയർ)ചേർന്ന് ടിയാന് സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് അക്കൗണ്ടസ് ഓഫീസർ, അക്കൗണ്ടസ് ഓഫീസർ തുടങ്ങിയ ഓഫീസർ കേഡറുകളിൽ പ്രമോഷനുകൾ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ